# മാതൃഭാഷാ പഠനം: വിദ്യാലയങ്ങളിലും കലാലയങ്ങളിലും

**മുഹമ്മദ് ബഷീർ കെ.കെ.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്, തൃശ്ശൂർ.

മലയാളത്തിലെ 51 അക്ഷരങ്ങൾ പൂഴിമണലിൽ കൈവിരൽ കൊണ്ട് ഹരിഃശ്രീ കുറിച്ചിരുന്ന ആശാൻമാരിൽനിന്ന് സാർവ്വത്രികമായ പ്രാഥമികവിദ്യാഭ്യാസത്തിന്റെ ഔപചാരികതയിലേക്കും വിദ്യാഭ്യാസത്തിന്റെ ദാർശനിക-മനഃശാസ്ത്ര-സാമൂഹ്യശാസ്ത്ര ഭൂമികയിൽനിന്നുകൊണ്ട് രൂപം കൊടുത്ത പാഠപുസ്തകത്തിലേക്കും മാറിയിട്ട് കാലമേറെയായി. മാറിമാറിവരുന്ന സർക്കാരുകൾ അവരുടെ നയമനുസരിച്ച് പാഠപുസ്തകങ്ങൾ മാറ്റുമ്പോൾ വിദ്യാഭ്യാസം അക്കാദമികം എന്നതിനേക്കാൾ രാഷ്ട്രീയമായി മാറുന്നു. മാറ്റങ്ങളിലൂടെ ഓടിയും ഇഴഞ്ഞും മുടന്തിയും ചലിച്ചുകൊണ്ടിരിക്കുന്ന മാതൃഭാഷാപഠനത്തെ വിശകലനം ചെയ്യുകയാണ് ഈ പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്.

അക്ഷരങ്ങളുടെ കേവലവും യാന്ത്രികവുമായ അഭ്യസനത്തെ അർത്ഥപൂർണ്ണവും സ്വാഭാവികവുമായ ഭാഷാപഠനം കൊണ്ട് നേരിട്ടതിന്റെ ഫലമാണ് ഒന്നാം ക്ലാസ്സിലെ 'തറ, പന' പാഠപുസ്തകവും പിന്നീടുവന്ന 'ആനയും ആമയും' പാഠപുസ്തകവും. ആദ്യം പദങ്ങളിൽനിന്ന് അക്ഷരങ്ങളിലേക്കും പിന്നീട് ആശയത്തിൽനിന്ന് അഥവാ കഥയിൽനിന്നും കവിതയിൽനിന്നും അക്ഷരങ്ങളിലേക്കും വരുന്ന പാഠാവതരണ രീതികൾ പാഠപുസ്തകം അവലംബിച്ചു. പാഠപുസ്തകങ്ങൾ ശിശുസൗഹൃദമായതും ഭാഷാപഠനം സക്രിയമായതും കുട്ടിയുടെ രചനകൾകൊണ്ട് ക്ലാസ്സ് മുറികൾ സമ്പന്നമായതും പുതിയ രീതിശാസ്ത്രത്തിന്റെ ഗുണഫലങ്ങളായി. പഴയ ലിപിയും കൂട്ടക്ഷരങ്ങളും വിദ്യാലയത്തിൽനിന്ന് പടിയിറങ്ങിയതും കുട്ടികൾ യുക്തംപോലെ അക്ഷരങ്ങൾ എഴുതിയതും അക്ഷരത്തെറ്റുകൾ വ്യാപകമായതും എല്ലാവരുടെയും വിമർശനങ്ങൾക്കിടയാക്കി.

ഡി.പി.ഇ.പി. യുടെ കാലഘട്ടത്തിൽ കളിരീതിയ്ക്ക് കിട്ടിയ ഊന്നലും കുട്ടിയുടെ സ്വാതന്ത്ര്യത്തിനും ക്ലാസ്സ് മുറിയുടെ ജനാധിപത്യസ്വഭാവത്തിനും നൽകിയ ഊന്നലും സ്വീകാര്യതയും തെറ്റുകൾ കുട്ടി പിന്നീട് മനസ്സിലാക്കി സ്വയം തിരുത്തിക്കൊള്ളുമെന്ന ദർശനവും സൃഷ്ടിച്ച ഉദാസീനതയുടെ ഉല്പന്നങ്ങളായിരുന്നു ഈ പരിമിതികൾ. വീട്ടിൽനിന്നും വിദ്യാലയത്തിലെത്തുന്ന പ്രാഥമിക ക്ലാസ്സുകളിലെ കുട്ടിക്ക് തന്റെ പരിസരത്തിന്റെ തുടർച്ചയായിത്തന്നെ വിദ്യാലയവും അനുഭവപ്പെടണം. കുട്ടി ലോകത്തെ നോക്കി കാണുന്നത് ഭാഷയായോ ശാസ്ത്രമായോ ഗണിതമായോ അല്ല സമഗ്രമായാണ്. മഴയെ അനുഭവിക്കുന്ന, ആ അനുഭവത്തെക്കുറിച്ച് സംസാരിക്കുന്ന കുട്ടിയിൽ ഈ അന്തർവൈജ്ഞാനികത സ്പഷ്ടവുമാണ്. ഈയൊരു ദർശനത്തിൽ നിന്നുകൊണ്ടാണ് ഒന്നു രണ്ട് ക്ലാസ്സുകളിൽ ഉദ്ഗ്രഥിത സമീപനം പാഠപുസ്തകങ്ങൾ സ്വീകരിച്ചത്. ഭാഷയെയും ഗണിതത്തെയും പരിസരപഠനത്തെയും സ്വാഭാവികമായി ഉദ്ഗ്രഥിക്കാനുള്ള ഉപായമായി ആഖ്യാനം (narration) സ്വീകരിച്ചു. 2008-നു ശേഷംവന്ന പാഠപുസ്തകങ്ങൾക്ക് ഉദ്ഗ്രഥിതസമീപനത്തിന്റെയും ആഖ്യാനത്തിന്റെയും ശക്തിയും ആർജ്ജവവും ഉണ്ടായിരുന്നു. ആഖ്യാനം ക്ലാസ്സ് മുറികളിൽ സ്വതന്ത്രമായ ചിന്തയ്ക്കും ഭാഷണത്തിനും രചനയ്ക്കും അവസരമൊരുക്കി. ആഖ്യാനത്തിനിടയ്ക്കു സൃഷ്ടിക്കുന്ന ചിന്തോദ്ദീപകവും വൈകാരികവുമായ സന്ദർഭങ്ങൾ വിവിധ വ്യവഹാരങ്ങളിലേക്ക് വിഷയവ്യത്യാസബോധം കൂടാതെ സ്വാഭാവികമായി കടന്നുചെല്ലാനുള്ള രാസത്വരകമായിമാറി. ആശയം + ആഖ്യാനം + ഉദ്ഗ്രഥനം എന്നത് പാഠപുസ്തകത്തിന്റെയും ചോദ്യക്കടലാസിന്റെയും നിർമ്മിതിക്കുള്ള അടിസ്ഥാനമായി സ്വീകരിക്കപ്പെട്ടു. രചനയുടെ സർഗ്ഗാത്മകതലവും ഭാഷയുടെ പ്രകടനതലങ്ങളും ആഴത്തിലും പരപ്പിലും ക്ലാസ്സ് മുറിയെ ജൈവികമാക്കിയപ്പോഴും അക്ഷരബോധത്തിന്റെയും സ്ഥടതയുടെയും പ്രശ്നങ്ങൾ മുഴച്ചുനിന്നത് രീതിശാസ്ത്രപിഴവായി വ്യാപകമായി വിമർശിക്കപ്പെട്ടു. ക്ലാസ്സ് മുറിയ്ക്കകത്തെ നിരക്ഷരതയെ ഇല്ലാതാക്കാനാണ് 'എഡിറ്റിംഗ്' എന്ന ഭാഷാ നവീകരണശ്രമത്തെ 2010-കളിൽ രീതിശാസ്ത്രത്തിന്റെ ഭാഗമാക്കി മാറ്റുന്നത്. എല്ലാ രചനാഭ്യാസങ്ങളിലും ഭാഷാക്ലാസ്സുകളിൽ 'ടീച്ചേഴ്സ് വെർഷൻ' അഥവാ അധ്യാപകന്റെ മാതൃക ഉണ്ടാകണമെന്നത് നിർദ്ദേശിക്കപ്പെട്ടു. രചനകൾ വ്യക്തിപരമായും ഗ്രൂപ്പിലും ക്ലാസ്സിൽ പൊതുവായും എഡിറ്റിങ്ങിന് വിധേയമാക്കണമെന്നത് പഠനപ്രക്രിയകളുടെ ഭാഗമാക്കി മാറ്റി. ക്ലാസ്സ് മുറിയിലെ പിരീഡുകളുടെ ദൈർഘ്യക്കുറവും ഹോംവർക്ക് ചെയ്യാനുള്ള മടി മൂലം അധ്യാപകന്റെ മാതൃകകൾ ഏട്ടിൽ മാത്രം ഒതുങ്ങിയതും എഡിറ്റിങ്

പ്രക്രിയ ക്ലാസ്സ് മുറിയിൽ ഫലപ്രദമായി നടക്കാതിരിക്കാൻ കാരണമായി. പുതിയ പാഠ്യപദ്ധതിയുടെ സദ്ഫലങ്ങളേക്കാൾ അതിന്റെ പരിമിതികൾക്ക് വ്യാപകമായ പ്രചാരണം ലഭിച്ചു.

ഭാഷ അനുഭവമാകുന്നതും വിനിമയം ചെയ്യുന്നതും വ്യവഹാരരൂപങ്ങളിലൂടെയാണ് (discourse) എന്നതിനാൽ വിദ്യാലയങ്ങളിൽ ഭാഷാശേഷി വികസനത്തിനായി വ്യവഹാരരൂപത്തിലധിഷ്ഠിതമായ ഭാഷാപഠനരീതിയാണ് സ്വീകരിക്കപ്പെട്ടത്. ഭാഷാനൈപുണികൾ സൂക്ഷ്മമായി വിശകലനം ചെയ്യാനും വികസിപ്പിക്കാനും വിലയിരുത്താനും ഈ രീതി സഹായകമായി. ഭാഷാശേഷിയെ പരമമായ ലക്ഷ്യമായി കാണുകയും ഈ ലക്ഷ്യം കൈവരിക്കാനുള്ള നിരവധി മാർഗ്ഗങ്ങളിൽ ഒന്നുമാത്രമായി പാഠപുസ്തകത്തെ കാണുകയും ചെയ്തത് ഈ ഘട്ടത്തിലെ ഭാഷാപഠനസമീപനത്തിന്റെ വിപ്ലവകരമായ കാൽവെപ്പായിരുന്നു. ഭാഷാശേഷികളെ പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തിൽനിന്ന് മോചിപ്പിക്കാനായി എന്നത് ശ്രദ്ധേയമായ മാറ്റമായിരുന്നു. മൂല്യനിർണ്ണയം പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തെ പരോക്ഷമായി മാത്രം ആശ്രയിക്കുകയും മുഖ്യലക്ഷ്യമായി ഭാഷാശേഷിയെ കാണുകയുംചെയ്തുവെന്നത് അഭിലഷണീയമായ പരിവർത്തനമായിരുന്നു. ഒരേ വ്യവഹാരരൂപങ്ങൾ വിവിധ തലങ്ങളിൽ ആവർത്തിക്കപ്പെട്ടപ്പോൾ അതിന്റെ ആഴവും പരപ്പും നിശ്ചയിക്കാതെപോയതും വ്യവഹാരരൂപങ്ങളെ ചിന്തനശേഷയുടെ അടിസ്ഥാനത്തിൽ വിന്യസിക്കപ്പെടാതിരുന്നതും ഇതിന്റെ പരിമിതികളായി. 2008- മുതൽ 2014-വരെ നിലനിന്ന പാഠപുസ്തകങ്ങളിൽ ആശയങ്ങൾക്കു പകരം പ്രശ്നങ്ങളെ കേന്ദ്രസ്ഥാനത്തേക്ക് കൊണ്ടുവന്നതിനാൽ ഭാഷാപാഠപുസ്തകങ്ങളിൽ, അതിന്റെ സൗന്ദര്യാത്മകതലത്തേക്കാൾ, സാമൂഹ്യശാസ്ത്രപരിഗണനകൾക്ക് ഊന്നൽ ലഭിച്ചുവെന്നത് ഈ ഘട്ടത്തിലെ ഭാഷാപഠനത്തിന്റെ പരിമിതിയായി. മലയാളത്തിലെ ശ്രദ്ധേയരായ കവികളുടെ സൗന്ദര്യാത്മകരചനകൾ പടിയിറങ്ങുകയും ആശയപ്രധാനമായ പി.പി. രാമചന്ദ്രന്റെയും മോഹനകൃഷ്ണൻ കാലടിയുടെയും കവിതകൾക്ക് പാഠപുസ്തകങ്ങളിൽ പ്രാമുഖ്യം ലഭിക്കുകയും ചെയ്തുവെന്നതാണ് അതിന്റെ ദുരന്തഫലം.

2014-മുതൽ ആരംഭിക്കുന്ന പാഠപുസ്തകമാറ്റവും വിദ്യാലയങ്ങളിലെ മറ്റുപരിഷ്കാരങ്ങളും ഭാഷാപഠനത്തെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നതാണ്. പ്രാഥമിക തലത്തിൽനിന്ന് ആഖ്യാനത്തെ പുറന്തള്ളിയും ഭാഷാശേഷികൾക്കു നൽകിയ ഊന്നൽ പാഠപുസ്തകത്തിലെ ഉള്ളടക്കത്തിലേക്ക് മാറ്റിസ്ഥാപിച്ചും ഇറങ്ങിയ നിലവിലെ പുസ്തകങ്ങൾ

പ്രതിഫലിപ്പിക്കുന്നത് പാഠപുസ്തകങ്ങളിലെ രാഷ്ട്രീയത്തെയാണ്. ഭാഷാപാഠപുസ്തകങ്ങളുടെ സാമൂഹ്യശാസ്ത്രസ്വഭാവത്തെ ഒഴിവാക്കി സൗന്ദര്യാത്മക പാഠഭാഗങ്ങൾ കൂട്ടിച്ചേർത്തു വെന്നത് പുതിയപാഠപുസ്തകങ്ങളുടെ പ്രധാനനേട്ടമായി എണ്ണാമെങ്കിലും ഭാഷാപഠനസമീപനത്തിൽ സ്വീകരിച്ച നിലപാടുകൾ ഭാഷാക്ലാസ്സുകളെ പിന്നോട്ട് നടത്തിക്കുമെന്നതിൽ സംശയമില്ല. 40 മിനിട്ട് പിരിയഡുകളെ കലയുടെയും കായികത്തിന്റെയും കമ്പ്യൂട്ടറിന്റെയും പേരിൽ 30 മിനിറ്റാക്കി ചുരുക്കിയ നടപടി ഭാഷാപഠന ക്ലാസ്സുകളിലെ എഡിറ്റിങ് പ്രക്രിയയുടെ കടയ്ക്കലാണ് കത്തിവെക്കുക. ക്ലാസ്സ് മുറിക്കകത്തെ നിരക്ഷരത ഏറ്റവും വലിയ പ്രശ്നമായി നമുക്കഭിമുഖീകരിക്കേണ്ടതായി തന്നെ വരും.

## കലാലയങ്ങളിലെ ഭാഷാപഠനം

വിദ്യാലയങ്ങളിലെ ഭാഷാപഠനത്തിന്റെ വളർച്ചയോ തുടർച്ചയോ അല്ല കലാലയങ്ങളിലെ ഭാഷാപഠനം. അത് ഒറ്റപ്പെട്ട ഒരു തുരുത്താണ്. വർഷാന്തപരീക്ഷാസമ്പ്രദായത്തിൽനിന്ന് സെമസ്റ്റർ സംവിധാനത്തിലേക്കുള്ള ഘടനാപരമായ മാറ്റങ്ങളിൽ ഒതുങ്ങുന്നതാണ് അവിടത്തെ പരിഷ്കാരം. ഭാഷാശേഷികളുടെ വികസനത്തെ സംബന്ധിച്ചിടത്തോളം വിദ്യാലയത്തിൽനിന്ന് കലാലയത്തിലേക്കുള്ളത് മാറ്റമല്ല പതനമാണ്. ഉള്ളടക്കകേന്ദ്രിതവും പരീക്ഷാകേന്ദ്രിതവുമായ അധ്യയനവും മൂല്യനിർണ്ണയവുമാണ് കലാലയങ്ങൾ പിന്തുടരുന്നത്. വ്യവഹാരരൂപങ്ങൾക്കു നൽകിയ പ്രാധാന്യമെന്നത് കോമൺ കോഴ്സ് എന്ന രണ്ടാം ഭാഷാപഠനത്തിലെ ഒരു മൊഡ്യൂളിലൊതുങ്ങും. ചർച്ചയ്ക്കോ സംവാദത്തിനോ ഭാഷയുടെ പ്രകടനരൂപങ്ങൾക്കോ പാഠ്യപദ്ധതിയിൽ പ്രാമുഖ്യമില്ല. ചിന്തനപ്രക്രിയ പരിഗണനാവിഷയമോ മൂല്യനിർണ്ണയ സൂചകമോ അല്ല. സൗന്ദര്യശാസ്ത്രത്തിനോ സാമൂഹ്യശാസ്ത്രത്തിനോ പകരം കമ്പോളാധിഷ്ഠിത ഉപയുക്തത (utility) യുടെ ദർശനമാണ് കേവലമായ പരിഷ്കാരങ്ങൾക്കു പിന്നിലുള്ളത്. ശാസ്ത്രവിദ്യാർത്ഥികൾക്ക് ശാസ്ത്രജ്ഞന്റെ ജീവചരിത്രവും ശാസ്ത്രലേഖനങ്ങളും പിന്നെ വിവർത്തന തത്ത്വങ്ങളും. സാഹിത്യത്തിന്റെ അളവ് കുറഞ്ഞുകുറഞ്ഞു വരുന്നു. സാംസ്കാരികപഠനങ്ങൾ, സൈബർ മലയാളം, വൈജ്ഞാനികസാഹിത്യം എന്നിവ പാഠ്യപദ്ധതിയിലിടം നേടുന്നു. വിമർശനാത്മക ചിന്ത, മൂല്യവിദ്യാഭ്യാസം, മാനസികമായ ഔന്നത്യം, സ്വതന്ത്രചിന്ത, തൊഴിൽസാധ്യത എന്നീ ലക്ഷ്യങ്ങൾക്കനുസൃതമായൊരു പാഠ്യപദ്ധതി കലാലയങ്ങളിലെ ഭാഷാപഠനക്ലാസ്സുകൾക്കു വേണ്ടി ഇനിയെങ്കിലും രൂപപ്പെടേണ്ടതുണ്ട്.

## സഹായക ഗ്രന്ഥങ്ങൾ

1. ഒരുസംഘംലേഖകർ. ഭാഷ:നവീന പഠനവഴികൾ.വിദ്വാൻ പി.ജി.നായർ സ്മാരക ഗവേഷണകേന്ദ്രം: ആലുവ. 2010.
2. ഒരുസംഘംലേഖകർ.വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം. കേരള ശാസ്ത്രസാഹിത്യപരിഷത്ത്: തൃശ്ശൂർ. 2015.
3. പ്രബോധചന്ദ്രൻനായർ. വി.ആർ. ഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്:തിരുവനന്തപുരം.2009.
4. കാലിക്കറ്റ് യൂണിവേഴ്സിറ്റി ബിരുദ പാഠ്യപദ്ധതി (2010,2014)
5. രവി ഇരിഞ്ചയം. ഭാഷാവ്യവഹാര രൂപങ്ങൾ. കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം. 2009.
6. വില്യംഹെൻറി ഹഡ്സൺ. സാഹിത്യപഠനത്തിന് ഒരാമുഖം. പരിഭാഷ: ഡോ.എസ്.കെ. വസന്തൻ. കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം. 1999.
7. വിവിധ ക്ലാസുകളിലെ അധ്യാപക പരിശീലന മൊഡ്യൂളുകൾ. എസ്.സി.ആർ.ടി.: തിരുവനന്തപുരം. (2000-2012).
8. വിവിധ ക്ലാസുകളിലെ മലയാളം അധ്യാപകസഹായി. എസ്.സി.ആർ.ടി.: തിരുവനന്തപുരം.

Email:muhamedbasheerkk@yahoo.co.in